# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 20

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷകൾ ജൂലൈ 17ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 27 വരെയും 500 രൂപ പിഴയോടെ 28 വരെയും 1000 രൂപ സൂപ്പർഫൈനോടെ ജൂലൈ ഒന്നുവരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1151/2019)

ഒന്നാം സെമസ്റ്റർ എം.എൽ.ഐ.എസ്‌സി. (2018 അഡ്മിഷൻ റഗുലർ, 2009-2017 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ് - അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്‌മെന്റുകളും, 2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്‌മെന്റ് മാത്രം) പരീക്ഷകൾ ജൂലൈ 11ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 26 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 150 രൂപ വീതം (പരമാവധി 600 രൂപ) സി.വി.ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1152/2019)

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. (2018 അഡ്മിഷൻ റഗുലർ/2009 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/ മേഴ്‌സി ചാൻസ് - അഫിലിയേറ്റഡ് കേളേജുകളും ഡിപ്പാർട്ട്‌മെന്റും, 2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്‌മെന്റ് മാത്രം) പരീക്ഷകൾ ജൂലൈ 10ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 26 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1153/2019)

രണ്ടാം സെമസ്റ്റർ എം.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ അഞ്ചുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂൺ 24 വരെയും 500 രൂപ പിഴയോടെ 25 വരെയും 1000 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1154/2019)

ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്‌സി. നഴ്‌സിംഗ് (2011-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 10 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂലൈ 26 വരെയും 500 രൂപ പിഴയോടെ 27 വരെയും 1000 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1155/2019)

## പുതുക്കിയ പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം.- 9 പി.എം.) സപ്ലിമെന്ററി പരീക്ഷകൾ ജൂൺ 21ന് ആരംഭിക്കുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/1156/2019)

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. മോഡൽ 2 ഫോറസ്ട്രി ആന്റ് എൻവയോൺമെന്റൽ ഹിസ്റ്ററി, ആർക്കിയോളജി ആന്റ് മ്യൂസിയോളജി പ്രോഗ്രാമുകളുടെ എൻവയോൺമെന്റൽ ഹിസ്റ്ററി,

ഇൻട്രൊഡക്ഷൻ ടു ആർക്കിയോളജി (2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ ജൂലൈ നാലിന് നടത്താൻ പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ./39/1157/2019)

## അപേക്ഷ തീയതി

പത്താം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ തിസിസ് മൂല്യനിർണയം, വൈവാവോസി പരീക്ഷകൾ പിഴയില്ലാതെ ജൂലൈ നാലുവരെയും 500 രൂപ പിഴയോടെ അഞ്ചുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഒൻപതുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 125 രൂപ പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1158/2019)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) ഏപ്രിൽ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 24 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1159/2019)

മൂന്നാം സെമസ്റ്റർ എം.സി.എ. ഏപ്രിൽ/മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 24 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1160/2019)

## സംവരണ സീറ്റൊഴിവ്; ഇന്റർവ്യൂ ജൂൺ 24ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ജൂൺ 24ന് നടക്കും. രാവിലെ 10ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടറുടെ ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1161/2019)

## എം.എഡ്. സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. പ്രോഗ്രാമിൽ ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും ഏതാനും സീറ്റൊഴിവുണ്ട്. CAT MGU പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ജൂൺ 27ന് രാവിലെ 10ന് യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി പഠനവകുപ്പിൽ ഹാജരാകണം. സംവരണവിഭാഗത്തിൽപ്പെട്ടവർക്ക് പ്രോഗ്രാം ഫീസായി 800 രൂപ അടച്ചാൽമതി. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/1162/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ എസ്.സി. വിഭാഗത്തിന് നാലും എസ്.ടി. വിഭാഗത്തിന് ഒന്നും സീറ്റൊഴിവുണ്ട്. സർവകലാശാല അംഗീകരിച്ച ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ഐ.ടി., ബി.സി.എ., അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ രേഖകളുമായി ജൂൺ 24ന് രാവിലെ 10ന് പഠനവകുപ്പിൽ നേരിട്ടെത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731037.

(പി.ആർ.ഒ./39/1163/2019)

## പരീക്ഷഫലം

2018 ജൂണിൽ നടത്തിയ നാലാം /ആറാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്.എസ്. (മോഡൽ I, II, III - 2013ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1164/2019)

## എൻ.എസ്.എസ്. യോഗം 22ന്

നാഷണൽ സർവീസ് സ്കീമിന്റെ സുവർണ ജൂബിലി വർഷമായ 2019-20ലെ കർമ്മ പരിപാടികളും 'എൻ.എസ്.എസും പ്രിൻസിപ്പൽമാരും' എന്ന വിഷയവും ചർച്ച ചെയ്യുന്നതിനായി ജൂൺ 22ന് മഹാത്മാ ഗാന്ധി സർവകലാശാലക്കു കീഴിൽ എൻ.എസ്.എസ്. യൂണിറ്റുകളുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം നടക്കും. ഉച്ചകഴിഞ്ഞ് 1.30 മുതൽ മൂന്നുവരെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിലാണ് യോഗം.

(പി.ആർ.ഒ./39/1165/2019)

## എം.ജി. രാജ്യാന്തര യോഗാ ദിനാചരണം ഇന്ന് (ജൂൺ 21)

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, സെന്റർ ഫോർ യോഗാ ആന്റ് നാച്ചുറോപ്പതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര യോഗ ദിനാചരണം ഇന്ന് (ജൂൺ 21) അമലഗിരി ബി.കെ. കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും.

രാവിലെ 10.30ന് സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യും. ഡോ. ആർ പ്രഗാഷ് അധ്യക്ഷത വഹിക്കും. പ്രൊഫ. ടോമിച്ചൻ ജോസഫ് യോഗദിന സന്ദേശം നൽകും. തുടർന്ന് ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. എം.ആർ. ഗോപാലകൃഷ്ണൻ നായർ എന്നിവർ ചേർന്ന് തയാറാക്കിയ 'ക്രീഡാ യോഗ, കൗമാരയോഗം', ഡോ. ജോബിൻ ജോസ് തയാറാക്കിയ 'പ്രമേഹ യോഗ' എന്നീ പുസ്തകങ്ങളുടെ പ്രകാശനം ഡോ. എ. ജോസ് നിർവഹിക്കും. രജിസ്ട്രാർ കെ. സാബുക്കുട്ടൻ, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, എസ്.ജി.ടി.ഡി.എസ്. ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്യാസ്, അമലഗിരി ബി.കെ. കോളേജ് പ്രിൻസിപ്പൽ ഡോ. ലീനാ മാത്യു, അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലില്ലി റോസ് എന്നിവർ പങ്കെടുക്കും.

തുടർന്ന് ആർ. സഞ്ജയാനന്ദ്, സുരേഷ് ബാബു മാധവൻ എന്നിവരുടെ നേതൃത്വത്തിൽ യോഗ പരിശീലനം നടക്കും. ആലുവ സ്കൂൾ ഫോർ ദ ബ്ലൈന്റിലെ വിദ്യാർഥികളുടെ യോഗ പ്രദർശനം നടക്കും.

(പി.ആർ.ഒ./39/1166/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ